HLM-0195

The Heavenly Light Ministry

യഹോവാ... എന്റെ... ഇടയനല്ലോ
എനിക്കൊന്നിനും മുട്ടുണ്ടാകയില്ല
പച്ചയായ... പുൽപ്പുറങ്ങൾ തോറും
മെച്ചമായ്... പോററുന്ന... ഇടയൻ

ഇടയൻ... ഇടയൻ... നല്ല ഇടയൻ
എനിക്കേററം അടുത്തുടയോൻ
എന്റെ യേശു... നല്ല ഇടയൻ...

സ്വസ്ഥമായ വെള്ളത്തിനരികെ
സുഖത്തോടെന്നെ നടത്തിടുന്നു
എന്റെ പ്രാണനെ തണുപ്പിക്കുന്നു
നീതി പാതയിൽ നടത്തീടുന്നു ഇടയൻ..

കൂരിരുൾ താഴ്വരയിൽ നടന്നാൽ
ഒരു അനർത്ഥവും ഭയപ്പെടില്ല
എന്നോടുകൂടെ ഇരിക്കും നിന്റെ
വടിയും കോലും ആശ്വാസമായ് ഇടയൻ..

ശത്രുക്കൾ കാൺകെ വിരുന്നൊരുക്കും
അഭിഷേക തൈലം തലയിൽ
ആയുഷ്ക്കാല നന്മ... കരുണ...
നീണാൾ വസിക്കും തന്നാലയത്തിൽ... ഇടയൻ..